27-01-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 27/01/2022

1. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ നഗരസഭ കൃഷിഭവനിൽ പേര തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. കർഷകർക്ക് കൃഷി ഭവനിൽ നിന്നും സൗജന്യമായി വാങ്ങാവുന്നതാണെന്ന് കൃഷിഓഫീസർ അറിയിച്ചു.

2. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 കോമാടൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപ നിരക്കിൽ വിൽപ്പനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540, 2371340** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മാവ്, പച്ചക്കറി എന്നിവയ്ക്കുള്ള ഫിറമോൺ കെണികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കൊ, മാവ്, പനീർചാമ്പ, ഫാഷൻഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, മാംഗോസ്റ്റിൻ, പന്നിയൂർ 1 കുരുമുളക്, സർവ്വസുഗന്ധി, ജാതി, ആര്യവേപ്പ്, കറിവേപ്പ്, ഗ്രാമ്പു എന്നിവയുടെ തൈകൾ, ട്രൈക്കോഡെർമ, സമ്പുഷ്ടീകരിച്ച ജൈവവളങ്ങൾ, ജൈവരോഗ കീട നിയന്ത്രണോപാധികൾ, ജീവാണു വളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിവസങ്ങളിൽ **0495 – 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380, ഗ്രാമശ്രീ എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. പത്തനംതിട്ട ജില്ലയിൽ അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) യിൽ **ബ്ലോക്ക് ടെക്നോളജി മാനേജർ** തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഫെബ്രുവരി 8-ന് രാവിലെ 11 മണിക്ക് പന്തളം കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട്

ഡയറക്ടറുടെ ഓഫിസിൽ വച്ച് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൃഷി/വെറ്ററിനറി/ഡെയറി/ഫിഷറീസ് എന്നിവയിർ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർക്കാർ സ്ഥാപനങ്ങളിലുള്ള രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യമാണ്. താൽപര്യമുള്ളവർ ഫെബ്രുവരി 8-ന് രാവിലെ 10.30 മണിക്ക് പൂരിപ്പിച്ച ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റും സഹിതം ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **04734-296180, 9383471982** എന്നീ ഫോൺ നമ്പരുകളിലോ, പന്തളം കടയ്ക്കാട് പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിലോ ബന്ധപ്പെടുക.

6. ഐ.സി.എ.ആറിന്റെ കീഴിലുള്ള ദേശീയവിജ്ഞാന വ്യാപന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കന്യാകുമാരി ആസ്ഥാനമായ മാനേജിന്റെ (MANAGE) നോഡൽ ഏജൻസിയായ സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് 45 ദിവസത്തെ AC&ABC കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. +2, വി.എച്ച്.എസ്.സി യാണ് അടിസ്ഥാന യോഗ്യത. സയൻസ് ഗ്രൂപ്പുകാർ, അഗ്രിക്കൾച്ചർ, ബയോളജി, ഡിഗ്രി, ഡിപ്ലോമയുള്ളവർക്ക് മുൻഗണന. അപേക്ഷാ തീയതി ഒന്നാം ബാച്ച് ഫെബ്രുവരി 22, രണ്ടാം ബാച്ച് ഏപ്രിൽ 15. കൂടുതൽ വിവരങ്ങൾക്ക് **9387212005, 944397588** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. അപേക്ഷ അയയ്ക്കേണ്ട വിലാസം സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, കോട്ടക്കാരൈ റോഡ്, കന്യാകുമാരി-629702.

7. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 28 വരെ (ജനുവരി 28 വരെ) രാവിലെ 10 മുതൽ 5 വരെ മുള്ളംകൊല്ലി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകുന്നതാണ്. സേവനം ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. പൂക്കോട് വെറ്ററിനറി കോളേജ് കോവിഡ് ക്ലസ്റ്റർ ആയി മാറിയതിനെ തുടർന്ന് രണ്ടാഴ്ചത്തേക്ക് കോളേജ് അടച്ച സാഹചര്യത്തിൽ മൃഗചികിത്സാ കേന്ദ്രത്തിൽ സന്ദർശകർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അടിയന്തിര സ്വഭാവമുള്ള കേസുകൾ മാത്രം പരിശോധിക്കുന്നതിനായി കാഷ്വാലിറ്റി വിഭാഗം മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്നും രോഗികൾക്കൊപ്പം പരമാവധി രണ്ടു പേർ മാത്രമേ ആശുപത്രിയിൽ പ്രവേശിക്കാവൂ എന്നും പൂക്കോട് വെറ്ററിനറി കോളേജ് പ്രൊഫസർ ആന്റ് ഹെഡ് അറിയിച്ചു.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. ജനുവരി 31-ന് ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.00 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

11. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 1 മുതൽ 3 വരെ **ക്ഷീര കർഷകരുകട വരുമാന വർദ്ധനവിന് നൂതന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഈ മാസം 28-ന് (ജനുവരി 28) മുമ്പായി **0479-2449268, 2959268, 9447790268** എന്നീ ഫോൺ നമ്പുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് പരിശീലനം നൽകുന്നത്.